**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **15-03-2022 - ൽ മറുപടിയ്ക്ക്**

**മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കോമൺ പൂളിലേക്കുള്ള മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ കോമൺ പൂളിലേക്ക് മാറ്റുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന കാര്യക്ഷമതയിലെ കുറവ് പരിഹരിക്കുന്നതിനും, സ്പെയർ പാട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധികചെലവ് ഒഴിവാക്കുന്നതിന്റെ ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്ന തിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിൽ സി.എഫ് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലേയിസ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിൻറനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ച ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ ലഭ്യമാക്കുന്നതി ലേക്കാണ് ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിലേക്ക് മാറ്റി നിയമിച്ചത്. |
| (ബി) | മാറ്റപ്പെടുന്ന സബ് ഡിപ്പോകളിലും ഓപ്പറേറ്റിംഗ് | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ |

| | | | |
|---|---|---|---|
| | സെന്ററുകളിലും ഇതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി എങ്ങനെ മറികടക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ; | | പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന കാര്യക്ഷമതയിലെ കുറവ് പരിഹരിക്കുന്നതിനും, സ്പെയർ പാട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധികചെലവ് ഒഴിവാക്കുന്നതിന്റെ ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്ന തിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിൽ സി.എഫ് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിൻറനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ച ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ ലഭ്യമാക്കുന്നതി ലേക്കാണ് ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിലേക്ക് മാറ്റി നിയമിച്ചത്. |
| (സി) | തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിനെ ഇതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജീവനക്കാരെ കോമൺ പൂളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ